ശ്രീ ടി. കെ. കുഞ്ഞൻ: ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കുവാൻ ഗവണ്മെൻറിനു ഭയമുണ്ടോകുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ആലോചിക്കുവാൻ വിരോധമില്ല. പക്ഷേ കുറെ സാമ്പത്തികബാധ്യതയുള്ള കാര്യമായതുകൊണ്ട് ഇത്തരം പുതിയ പരിപാടികൾ നടപ്പിലാക്കുവാൻ വിഷമമുണ്ട്.

ഗ്രന്ഥാലയസംഘത്തിലെ ജീവനക്കാരുടെ ശമ്പളം.

* 1503 [14] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സമയം മനപൂർവ്വം നൽകുമോ:

(എ) കേരള ഗ്രന്ഥാലയസംഘത്തിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതു ഈ ഗവണ്മെൻറിൽ നിന്നാണോ കൊടുക്കുന്നതു;

(ബി) അതെങ്കിൽ ഗ്രന്ഥാലയസംഘത്തിലെ ജീവനക്കാരുടെ നിയമനക്കാര്യത്തിൽ സർക്കാരിനു വല്ല ഉത്തരവാദിത്വവുമുണ്ടോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ നിയമനാദി കാര്യങ്ങൾക്ക് സർവ്വീസ് കമ്മിഷൻ ചട്ടം ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കേരള ഗ്രന്ഥാലയസംഘം ജനറൽ സെക്രട്ടറിയുടെ പരീക്ഷായോഗ്യതയെന്തു; അദ്ദേഹത്തിനു നൽകുന്ന ശമ്പളമെത്ര;

(ഇ) കേരള ഗ്രന്ഥാലയസംഘം ജീവനക്കാരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക നൽകുവാൻ ഭയമുണ്ടാകുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ഗവണ്മെൻറിൽ നിന്നും ഗ്രാൻറുകൊടുക്കുന്നുണ്ട്;

(ബി) ഗവണ്മെൻറിനു യാതൊരു ഉത്തരവാദിത്വവുമില്ല.

(സി) ഇതു് ഒരു അനൗദ്യോഗികസംഘടനയായതിനാൽ അതിലെ ജീവനക്കാരുടെ നിയമനത്തിനു പബ്ലിക് സർവ്വീസ് കമ്മീഷൻറെ ചട്ടങ്ങൾ ബാധകമാക്കുവാൻ നിവൃത്തിയില്ല.

(ഡി) സെക്രട്ടറിയുടെ പരീക്ഷായോഗ്യത ഈ. എസ്സ്. എൽ.സി. യും ടി. ടി. സി. യും ആണു്. അദ്ദേഹം ഒരു പ്രൈമറിസ്കൂൾ ടീച്ചറായിരുന്നു. അദ്ദേഹം പ്രതിമാസം 225 രൂപ ആണറേറിയം പറ്റുന്നുണ്ട്.

(ഇ) † ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഈ. എസ്സ്. എൽ. സി. യും, ടി. ടി. സി. യും പാസ്സായിട്ടുള്ള ഒരു സാധാരണ ഉദ്യോഗസ്ഥനു് 40-120 രൂപയാണു് ശമ്പളം കൊടുക്കുന്നതു്. ഈ പ്രത്യേക ഉദ്യോഗസ്ഥനു് ഇത്ര വലിയ ശമ്പളം കൊടുക്കുവാൻ വല്ല കാരണവും ഉണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഗവണ്മെൻറല്ല ഈ ഉദ്യോഗസ്ഥനെ നിയമിച്ചിരിക്കുന്നതു്. ഗ്രന്ഥശാലാസംഘം വക്കീലാഫീസുകമ്മിറ്റി ആവശ്യപ്പെട്ടതനുസരിച്ചു് അദ്ദേഹത്തെ ഇങ്ങോട്ടു് എടുത്തിരിക്കുകയാണു്. അവർ നിശ്ചയിച്ച ശമ്പളമാണു് അദ്ദേഹത്തിനു് കൊടുക്കുന്നതു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ലിസ്റ്റ് എനിക്കു് കിട്ടിയിട്ടില്ല ഞാൻ ഓടിച്ചിട്ടത്തോളം ഒരു എസ്സീ ഉദ്യോഗസ്ഥൻമാരുമേ അവിടെ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹത്തെ എന്തോകാരണം പറഞ്ഞുകൊണ്ടു് പിരിച്ചുവിട്ടുവെന്നറിയുന്നതു ശരിയാണോ?

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിനെപ്പറ്റിയുള്ള വിവരം ഇപ്പോൾ എന്റെ കൈവശമില്ല. പക്ഷേ ഒരു മുസ്ലീം ഉദ്യോഗസ്ഥനെ ഉണ്ടായിരുന്നുള്ളൂ എന്നാണ് ശരിയാണ്. അദ്ദേഹത്തെ പിരിച്ചുവിട്ടിട്ടുണ്ടോ എന്നു അന്വേഷിച്ചു പറയാനേ നിവൃത്തിയുള്ളൂ.

ശ്രീ. പി. ടി. ചാക്കോ : ഈ സ്ഥാപനത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ ചട്ടം ബാധകമാക്കുവാൻ നിവൃത്തിയില്ലെന്നു പറഞ്ഞതു സഹകാര്യസ്ഥാപനങ്ങളിൽ അതു ബാധകമാക്കുവാൻ നിയമവ്യവസ്ഥ ഇല്ലാത്തതുകൊണ്ടാണോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതിനെപ്പറ്റി പ്രത്യേകം നിയമവ്യവസ്ഥയില്ലാത്തതുകൊണ്ടാണ്.

ശ്രീ. പി. ടി. ചാക്കോ : ഗവണ്മെന്റിൽനിന്നു ഗ്രാന്റുകൊടുക്കുന്ന സഹകാര്യസ്ഥാപനങ്ങളിൽ പബ്ലിക്കുസർവ്വീസ് ചട്ടം ബാധകമാക്കുവാൻ നിവൃത്തിയില്ലെന്നു പറയുന്നതെന്തുകൊണ്ടാണ് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിനെപ്പറ്റി പ്രത്യേകം നിയമം ഉണ്ടാക്കിയില്ല. അതുകൊണ്ടാണ് നിവൃത്തിയില്ലെന്നു പറഞ്ഞതു്.

ശ്രീ. പി. ടി. ചാക്കോ : നിയമമില്ലെങ്കിൽ നിയമമുണ്ടാക്കി സഹകാര്യസ്ഥാപനങ്ങളിൽ പബ്ലിക്കുസർവ്വീസ് കമ്മീഷന്റെ ചട്ടം ബാധകമാക്കുവാൻ പാടില്ലേ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇപ്പോൾ നിയമം ഉണ്ടായിട്ടില്ലെന്നാണ് പറഞ്ഞതു്. ബഹു : മെമ്പറുടെ മഹത്തായ നിർദ്ദേശം സഭാകാരിച്ചു ലൈബ്രറി ആക്ടിൽ കൊണ്ടുവരുമ്പോൾ അതിൽ ഈ കാര്യംകൂടി ഉൾപ്പെടുത്തുവാൻ ആലോചിക്കാം.

ശ്രീ. പി. ടി. ചാക്കോ : മറ്റു സഹകാര്യസ്ഥാപനങ്ങളിൽ പബ്ലിക്കു സർവ്വീസ് കമ്മീഷൻ ചട്ടം ബാധകമാക്കുവാൻ നടപടികളെടുത്തിരിക്കുന്ന സ്ഥിതിക്കു് ഈ സ്ഥാപനത്തിൽ അതു ബാധകമാക്കുവാൻ ആവശ്യമായ നടപടികളെടുക്കാതിരിക്കുന്നതു് എന്തുകൊണ്ടാണെന്നു പറയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇപ്പോൾ ഈ സ്ഥാപനത്തിൽ പബ്ലിക്കു സർവ്വീസ് കമ്മീഷന്റെ ചട്ടം ബാധകമാക്കുവാൻ നിവൃത്തിയില്ല. ലൈബ്രറി ആക്ടുണ്ടു് കൊണ്ടുവരുന്നുണ്ടു്. ആ ആക്ടുകൊണ്ടുവരുമ്പോൾ അതിൽ ഈ കാര്യംകൂടി ഉൾപ്പെടുത്തുമെന്നാണ് ഞാൻ പറഞ്ഞതു്.

ശ്രീമതി ലീലാ ദാമോദരമേനോൻ : ഈ ഉദ്യോഗസ്ഥനെ ഗവണ്മെന്റിൽനിന്നു ഡെപ്യൂട്ടു ചെയ്തതാണോ ; ഗ്രന്ഥശാലാസംഘത്തിന്റെ അവശ്യപ്രകാരം അയച്ചതാണോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഗ്രന്ഥശാലാസംഘത്തിന്റെ അവശ്യപ്രകാരം അയച്ചുകൊടുത്തതാണ്.

ശ്രീമതി ലീലാ ദാമോദരമേനോൻ : ഈ പ്രത്യേക ഉദ്യോഗസ്ഥനെതന്നെവേണമെന്നു ഗ്രന്ഥശാലാസംഘം അവശ്യപ്പെട്ടിരുന്നോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇദ്ദേഹത്തെയാണ് അവർ അവശ്യപ്പെട്ടിട്ടുള്ളതു്.

ശ്രീ കെ. ഗോർജ്ജ്വൻ : ഇദ്ദേഹത്തെ ഈ ജോലിയിൽ വച്ചിട്ടു് എത്ര വർഷമായി എന്നു പറയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പത്തുപന്ത്രണ്ടുകൊല്ലമായി. ഗ്രന്ഥശാലാസംഘം ആരംഭിച്ചകാലം മുതൽ ഇദ്ദേഹം ഇതുമായി ബന്ധപ്പെട്ടിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

രൊളാണ്". 225 രൂപ എന്നതൊളാണ് ഇദ്ദേഹത്തിന കൊടുക്കുന്നതെന്നറി ഞ്ഞുകൂടാ.

ശ്രീ. കെ. ഭാർഗ്ഗവൻ : സ്ഥാശാഖാസംഘത്തിന്റെ അഭിപ്രായമനു സരിച്ചാണോ ഇദ്ദേഹത്തിന് ഈ സംഖ്യ ഓണറേറിയം കൊടുക്കുന്നത്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതെ.

പുള്ളുവജാതിക്കാർക്കുള്ള സൗജന്യങ്ങൾ

* 1504. [15] ശ്രീ. കെ. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചി പ്രദേശത്തെ "പുള്ളുവജാതി"ക്ക് കിട്ടിവരുന്ന വിദ്യാഭ്യാസ സൗജന്യങ്ങളും മറ്റും മലബാർപ്രദേശത്തെ പുള്ളുവ ജാതിക്കു ലഭിക്കുന്നില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു ;

(ബി) മലബാറിലെ പുള്ളുവജാതിക്കാരിൽനിന്നും വല്ല നിവേദനവും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവർ ഉന്നയിച്ച ആവശ്യങ്ങളും എന്തൊക്കെയാണെന്നു ഭയവായി പറയാമോ ;

(സി) മലബാർ പ്രദേശത്തെ പുള്ളുവജാതിവിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് തുടങ്ങിയ സൗജന്യങ്ങളും ഈ സ്കൂൾവർഷാരംഭത്തിലെങ്കിലും കിട്ടുമാറാകുന്നതിനു് അടിയന്തിര നടപടികളും എടുക്കുവാൻ ഗവണ്മെന്റ് ഇനിയെങ്കിലും വേണ്ടതു ചെയ്യുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി : (ശ്രീ. പി. കെ. ചാത്തൻ) :

(എ) ഉണ്ട്. മലബാർ പ്രദേശത്തെ പുള്ളുവജാതിക്കു തിരുവിതാംകൂർ പ്രദേശത്തെ പുള്ളുവജാതിക്കു കൊടുക്കുന്നതു പോലെയുള്ള എല്ലാ സൗജന്യങ്ങളും കൊടുക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നു.

(ബി) മലബാറിലെ പുള്ളുവജാതിക്കു തിരുവിതാംകൂർ–കൊച്ചി പ്രദേശത്തുകൊടുക്കുന്ന എല്ലാ സൗജന്യങ്ങളും, ആനുകൂല്യങ്ങളും കിട്ടണമെന്ന രേഖാനിവേദനം കിട്ടിയിട്ടുണ്ട്.

(സി) അടുത്ത സ്കൂൾവർഷത്തിൽ മലബാർഭാഗത്തെ പുള്ളുവജാതിക്കാർക്കു തിരുവിതാംകൂർ–കൊച്ചിഭാഗത്തെ പുള്ളുവജാതിക്കാർക്കു കൊടുക്കുന്നതു പോലെയുള്ള എല്ലാ ആനുകൂല്യങ്ങളും കൊടുക്കണമെന്നാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. എം. ജോർജ്ജ് : പുള്ളുവജാതിക്കാർ മലബാർഭാഗത്തു തിരുവിതാംകൂർ-കൊച്ചി ഭാഗത്തും എത്രയുണ്ടെന്നു പറയാമോ ?

ശ്രീ. പി. കെ. ചാത്തൻ : അതിന്റെ കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. കെ. കുഞ്ഞമ്പു : കഴിഞ്ഞവർഷം കണ്ണൂർ ജില്ലയിലെ അഡ്വൈസറികമ്മിറ്റി ഇവർക്കു ലംപ്സം ഗ്രാന്റ് കൊടുക്കുന്നതിനെപ്പറ്റി അയച്ചിട്ടുള്ള റിപ്പോർട്ടു ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : അതു ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടായിരിക്കണം. അവയുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നടപടികളെടുക്കുന്നതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly